GREAT BOMBAY CIRCUS

# ലോക പ്രശസ്ത
# ഗ്രേറ്റ് ബോംബെ സർക്കസ്സ്

അന്താരാഷ്ട്ര ഗുണനിലവാരമുള്ള അതിനൂതനവും അതിസാഹസികവുമായ പത്ത് പുതിയ ഇനങ്ങളുമായി **ലോക പ്രശസ്ത ഗ്രേറ്റ് ബോംബെ സർക്കസ്സ് പന്ത്രണ്ടംഗ റഷ്യൻ കലാകാരൻമാരുമായി** പ്രദർശനത്തിനെത്തുന്നു. വിവിധ രാജ്യങ്ങളിലുള്ള ഏറ്റവും മികച്ച കലാകാരൻമാരെ സർക്കസ്സിലേക്ക് കൊണ്ടുവന്ന് അവരെ കൊണ്ട് അന്താരാഷ്ട്ര നിലവാരമുള്ള കായിക പ്രകടനങ്ങൾ അവതരിപ്പുകയെന്ന ലക്ഷ്യത്തോടെയാണ് ഗ്രേറ്റ് ബോംബെ സർക്കസ്സ് ഈ അദ്ഭുത പ്രദർശനം കാഴ്ച വെക്കുവന്നത്.

1920ലാണ് ഗ്രാൻ ്ബോംബെ സർക്കസ്സ് ഇന്ത്യയിൽ ഇപ്പോൾ പാക്കിസ്ഥാന്റെ ഭാഗമായ സിന്ധു–പഞ്ചാബ് പ്രദേശങ്ങളിൽ പ്രാരംഭം കുറിച്ചത്. സർക്കസ്സ് കലയിലെ കുലപതിയും വൈറ്റ്‌വേ, ഹിന്റ ്ലെയൺ എന്നീ സർക്കസ്സുകളുടെ സ്ഥാപകനുമായ കെ.എം കുഞ്ഞക്കണ്ണന്റെ ഗ്രൂപ്പ് അംഗങ്ങളോടൊപ്പം 1947ൽ ഗ്രാന്റ ്ബോംബെ സർക്കസ്സിൽ ചേർന്നതോടെ പുതിയ കമ്പനിയുടെ പേര് ഗ്രേറ്റ് ബോംബെ സർക്കസ്സ് എന്നാക്കി. 1953ൽ കെ.എം കുഞ്ഞിക്കണ്ണന്റെ നിര്യാണത്തിനുശേഷം അദ്ദേഹത്തിന്റെ മരുമകൻ കെ.എം ബാലഗോപാലൻ ഗ്രേറ്റ് ബോംബെ സർക്കസ്സിന്റെ പാർട്ട്ണറായി ചാർജ്ജെടുത്തു. അദ്ദേഹത്തിന്റെ ധീരമായ നേതൃത്വത്തിൽ ഗ്രേറ്റ് ബോംബെ സർക്കസ്സ് ഇന്ന് ഇന്ത്യയിൽ ഏറ്റവും വലിയ സർക്കസ്സ് കമ്പനിയായി വളർന്നു വന്നു.

**മുൻ നേപ്പാൾ രാജാവ് മഹേന്ദ്രയും രാജ്ഞിയും** കൽക്കട്ടയിവെച്ച് സർക്കസ്സ് കണ്ടതിനുശേഷം സർക്കസ്സ് കലാകാരൻമാരെ അങ്ങേയറ്റം പ്രശംസിക്കുകയുണ്ടായി. **മുൻ ഇന്ത്യൻ പ്രസിഡന്റ ്വി.വി. ഗിരി, മുൻ രാജ്യ രക്ഷാ മന്ത്രി വി.കെ. കൃഷ്ണമേനോൻ, മുൻ പഞ്ചാബ് ഗവർണ്ണർ സിദ്ധാർത്ഥ ശങ്കറെ, മുൻ കേരള മുഖ്യമന്ത്രി ഇ.എം. എസ്സ് നമ്പൂതിരിപ്പാട്, മുൻ തമിഴ്നാട് മുഖ്യമന്ത്രി എം.ജി രാമചന്ദ്രൻ** തുടങ്ങിയ രാഷ്ട്രീയ രംഗത്തെ പ്രഗത്മ വ്യക്തികളും ഗ്രേറ്റ് ബോംബെ സർക്കസ്സ് കണ്ട് കലാകാരൻമാരെ അഭിനന്ദിക്കുകയുണ്ടായി. ഈ അടുത്തകാലത്തായി ശ്രീലങ്ക, സൗത്ത് അഫ്രിക്ക എന്നിവിടങ്ങളിൽ സന്ദർശനം നടത്തുവാനും ക്ഷണിക്കുകയുണ്ടായിട്ടുണ്ട്.

ഒമ്പത് ദശകാലത്തെ മഹത്തായ പാരമ്പര്യവുമായാണ് ഗ്രേറ്റ് ബോംബെ സർക്കസ്സ് ഇവിടെ എത്തുന്നത്. റഷ്യയിലെ ഏറ്റവും പരിചയ സമ്പന്നയായ കലാകാരിയായ **നടാഷ**യുടെ **ഹുല്ലാ ഹുപ്പ്–ജഗ്ളിങ്ങ്** അഭ്യാസപ്രകടനങ്ങളാണ് ഏറെ ആകർഷണീയം. **സുംറത്ത്, സിതോറ, ബോറിയ** എന്നീ മൂന്ന് റഷ്യൻ കലാകാരൻമാർ അവതരിപ്പിക്കുന്ന **ക്യൂബ് പിരമിഡ് ജഗ്ളിങ്ങ്** എന്നിവ മലയാളികൾക്ക് പുത്തൻ കാഴ്ചകളായിരിക്കും. റഷ്യൻ പലോത്ത്‌ന (കയർ അഭ്യാസ പ്രകടനം) **ഇന** അവതരിപ്പിക്കുന്നു. **കുർബനോയും, മുഹബത്ത്** അവതരിപ്പിക്കുന്ന **ഹാന്റ ്ജഗ്ളിങ്ങ്, മുഹബത്ത** ്അവതരിപ്പിക്കുന്ന **യോഗ കം ഫയർ** അഭ്യാസ പ്രകടനങ്ങൾ കൂടാതെ **സറീന, ഫർസാന, യാന, ദിൽനോസ, ഷക്നോസ** അവതരിപ്പിക്കുന്ന മറ്റ് ആക്രോബാറ്റിക്ക് ഇനങ്ങൾ.

കാണികളെ അതിശയിപ്പിക്കുന്ന രീതിയിൽ അഞ്ച് റോളറുകൾക്കു മുകളിൽ **സീതു** അവതരിപ്പിക്കുന്ന **ചൈനീസ് റോളർ ഐറ്റം, അമേരിക്കൻ ലിംബിഗ് ബോർഡ്, റഷ്യൻ സ്പൈഡ്റിങ്ങ്, റഷ്യൻ ഡവിൾ ക്ളൗൺ ഐറ്റം, റഷ്യൻ വെർട്ടിക്കൽ സ്വിങ്ങിങ്ങ് ആക്രോബാറ്റ്, റഷ്യൻ ക്ളൗൺ സ്കിപ്പിങ്ങ്, റഷ്യൻ കാൻഡിൽ ബോൺലെസ്സ് ഐറ്റം എന്നിവ ഇവയിൽ ചിലതുമാത്രമാണ്. സുബാഷ് അവതരിപ്പുക്കുന്ന ഹൈവീൽ സൈക്കിൾ സ്ക്കിപ്പിംങ്ങ് ആക്ട്, ഫോൾഡിങ്ങ് സൈക്കിൾ ആക്ട്** എന്നീ അതിസാഹസീക പ്രകടനങ്ങളോടൊപ്പം ഇന്ത്യൻ സർക്കസ്സിൽ ഇതുവരെ ആരും അവതരിപ്പിച്ചിട്ടില്ലാത്ത പത്ത് പുതിയ ഇനങ്ങളും കേരളത്തിൽ പ്രഥമമായി ഇവർ അവതരിപ്പിക്കുന്നു.

മെയ്‌വഴക്കത്തിന്റേയും വിസ്മയത്തിന്റേയും കാഴ്ചകളുമായാണ് ഗ്രേറ്റ് ബോംബെ സർക്കസ്സ് കലാകാരൻമാർ ഇവിടെ എത്തുന്നത്. റഷ്യൻ ബാലെയുടെ ചുവടുപിടിച്ച് അവർ അവതരിപ്പിക്കുന്ന അതിസാഹസീക അഭ്യാസ പ്രകടനങ്ങൾ അത്ഭുത പരതന്ത്രരായി മാത്രമേ കാണികൾക്ക് നോക്കിക്കാണാനാവൂ അത്രയധികം വൈവിധ്യമേറിയ അഭ്യാസ പ്രകടനങ്ങളാണ് റഷ്യൻ കലാകാരൻമാർ കാഴ്ചവെക്കുന്നത്.

കുട്ടികളേയും സ്ത്രീകളേയും ആകർഷിക്കാൻ വിവിധ ഇനങ്ങളും സർക്കസ്സ് കലാകാരൻമാർ അവതരിപ്പിക്കുന്നു. ഇന്ത്യൻ കാഴ്ചബംഗ്ളാവുകളിൽ കാണാത്ത അപൂർവ ഇനം പക്ഷികളായ **മക്കാവോ , കാക്കാട്ടൂസ്** പക്ഷികളുടെ അഭ്യാസപ്രകടനങ്ങൾ ഇവയിൽ ഏറ്റവും ആകർഷകമാണ്. **ആനയുടെ ക്രിക്കറ്റ് കളി, ഡോഗ്സ് ആക്രോബാറ്റ്, ഡന്റൽ ബാലൻസ്, ബാലൻസ് ഇൻ ട്രപ്പീസ** ്തുടങ്ങിയവയും വിവിധ ഇനങ്ങളിൽ ഉൾപ്പെടുന്നവയാണ്. റഷ്യൻ ബാലെ സംഗീതത്തിന്റെ മാസ്മരിക താളത്തിനൊത്താണ് ഓരോ അഭ്യാസ പ്രകടനവും നടക്കുക. ഗ്രേറ്റ് ബോംബെ സർക്കസ്സിൽ മുന്നൂറോളം ജീവനക്കാരിൽ നൂറിൽപരം സർക്കസ്സ് കലാകാരൻമാരാണ്. **64ൽപരം മൃഗങ്ങളും അപൂർവ ഇനം പക്ഷികളും** ഇവയോടൊപ്പമുണ്ട .

ബോളിബുഡ് സൂപ്പർസ്റ്റാർ **അമിതാബ് ബച്ചൻ** അഭിനയിച്ച **ഡോൺ , പ്രാൺ, അജിത്ത്** അഭിനയിച്ച **ഹം സബ് കാതിൽ**, ഏറ്റവും ലേറ്റസ്റ്റ് സൂപ്പർ ഹിറ്റായ **ഋതിക്ക് റോഷൻ, പ്രിയങ്ക ചോപ്ര** അഭിനയിച്ച **കൃഷ്** തുടങ്ങിയ ചിത്രങ്ങളുടെ ചിത്രീകരണം നടന്നത് ഗ്രേറ്റ് ബോംബെ സർക്കസ്സിന്റെ സൈറ്റിൽ വച്ചായിരുന്നു.

Mob : 09740987194 , 09740987192 , 09388208042